WEDNESDAY 13.03.2024 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 13/03/2024

1. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള വെള്ളായണി കാർഷിക കോളേജിലെ നാലാം വർഷ കാർഷിക ബിരുദ വിദ്യാർത്ഥികൾ അവരുടെ ഗ്രാമീണ അവബോധ പ്രവർത്തി പരിചയ പരിപാടിയായ ഹരിതാരവത്തിന്റെ ഭാഗമായി ബ്ലോക്ക് തല അഗ്രിക്ലിനിക് ഇന്ന് (13.03.2024) വെള്ളറടയിൽ വച്ച് നടത്തുന്നു. രാവിലെ 9.30 നാണ് ക്ലിനിക്ക് ആരംഭിക്കുന്നത്. വിളകളിലെ രോഗ - കീട നിർണയം, നിയന്ത്രണം പ്രതിവിധികൾ, വിത്ത് -നടീൽ വസ്തുക്കളുടെ വിൽപ്പന, കൃഷിയിട സന്ദർശനം, കാർഷിക പ്രദർശനം, പ്രവർത്തി പരിചയ പരിപാടി, മൊബൈൽ മണ്ണ് പരിശോധന തുടങ്ങിയവ ഇതിനോടാനുബന്ധിച്ച നടത്തുന്നതാണ്. ഈ പ്രദേശങ്ങളിലെ താല്പര്യമുള്ള കർഷകർക്ക് അവരുടെ കൃഷിയിടത്തിലെ രോഗ കീടബാധയുടെ ലക്ഷണങ്ങൾ ഉള്ള വിളകളുടെ സാമ്പിളുകളുമായി എത്തി സംശയനിവാരണം വരുത്താവുന്നതാണ്.

2. മലബാർ മിൽമയുടെ ഫാം ടൂറിസം പദ്ധതി ടൂറിസം മന്ത്രി പി.എ. മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്തു. ഗ്രാമീണ ടൂറിസത്തിന്റെ വികസനത്തിന് ഫാം ടൂറിസം ഏറെ സഹായകമാവുമെന്നും ഫാം ടൂറിസം പദ്ധതിക്ക് സംസ്ഥാന വിനോദസഞ്ചാരവകുപ്പിന്റെ എല്ലാ പിന്തുണയും സഹായവും ഉറപ്പാക്കുമെന്നും മന്ത്രി പറഞ്ഞു. മലബാർ മിൽമയുടെ സഹോദരസ്ഥാപനമായ മലബാർ റൂറൽ ഡെവലപ്മെന്റ് ഫൗണ്ടേഷൻ (എം.ആർ.ഡി.എഫ്.) ആണ് പദ്ധതി നടപ്പാക്കുന്നത്. വയനാട്ടിലെ മിൽമ ഡെയറി, ഡെയറി ഫാമുകൾ, വിനോദസഞ്ചാരകേന്ദ്രങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള പാക്കേജാണ് തുടക്കത്തിൽ നടപ്പാക്കുന്നത്. ഭക്ഷണം, താമസം, യാത്ര എന്നിവയുൾപ്പെടെ പ്രീമിയം, മോഡറേറ്റ്, മീഡിയം എന്നിങ്ങനെ മൂന്നു കാറ്റഗറികളിലുള്ള പാക്കേജുകളാണുണ്ടാവുക.

വൈകാതെ മറ്റു ജില്ലകൾ കൂടി ഉൾപ്പെടുത്തിയുള്ള പാക്കേജുകൾ തുടങ്ങുമെന്നും മന്ത്രി അറിയിച്ചു.

3. മാർച്ച് 22 ലോക ജലദിനത്തോടനുബന്ധിച്ച് കേരള യൂസ്ഡ് വാട്ടർ മാനേജ്മെന്റ് conclave 2024 മാർച്ച് 20 മുതൽ 22 വരെ മൂന്ന് ദിവസത്തെ ഇവന്റ് തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്നു. ഇതോടനുബന്ധിച്ച് യൂസ്ഡ് വാട്ടർ മാനേജ്മെന്റിന്റെ നൂതന സാങ്കേതിക വിദ്യകളെ കുറിച്ച് ചർച്ച ചെയ്യുന്നതായിരിക്കും.

4. സർക്കാർ പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ (കെപ്കോ) കീഴിൽ പ്രവർത്തിക്കുന്ന മുട്ടക്കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും ഉത്പാദിപ്പിക്കുന്ന ഗുണമേന്മയുള്ള ഒരു ദിവസം പ്രായമായ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക്. ആവശ്യമുള്ളവർ 9495000923, 9495000915, 9495000913 എന്നീ നമ്പരുകളിൽ വിളിച്ച് ബുക്ക് ചെയ്യാവുന്നതാണ്.

5. കേരള വെറ്ററിനറി ആൻ്റ് ആനിമൽ സയൻസസ് സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ 'പാലിൽ നിന്ന് മൂല്യവർദ്ധിത ലഘുഭക്ഷണങ്ങൾ (Snacks) എന്ന വിഷയത്തിൽ മണ്ണുത്തി വെറ്ററിനറി കോളേജിലെ ഡെയറി സയൻസ് ഡിപ്പാർട്ട്മെന്റിൽ വെച്ച് മാർച്ച് 15,16 തിയ്യതികളിൽ ദ്വിദിന പരിശീലനപരിപാടി സംഘടിപ്പിക്കുന്നു. ഫീസ്: 1000 രൂപ. വിശദവിവരങ്ങൾക്ക് 9744481598 എന്ന നമ്പറിൽ ബന്ധപ്പെടുക.

6. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ 13 പെൺപന്നിയെയും 1 ആൺപന്നിയെയും ഈ മാസം 26 ന് (26/03/2024) രാവിലെ 11 മണിക്ക് ഫാം പരിസരത്ത് വച്ച് പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേല സമയത്തിന് മുമ്പായി ടി പന്നികൾക്ക് 2000/- രൂപ നിരതദ്രവ്യമായി ആഫീസിൽ അടച്ച്

പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2732962 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

**പരിശീലന പരിപാടി**

7. കേരള ഫിഷറീസ് സമുദ്ര പഠന സർവകലാശാല ഡയറക്ടറേറ്റ് ഓഫ് എക്സ്റ്റൻഷൻ ആൻഡ് ഫിഷറീസ് സയൻസ് മാർച്ച് 14, 15 തീയതികളിലായി **മത്സ്യകൃഷിയിലെ നൂതന സാങ്കേതികവിദ്യകൾ** എന്ന വിഷയത്തെ ആസ്പദമാക്കി രണ്ടു ദിവസത്തെ പരിശീലന സംഘടിപ്പിച്ചിരിക്കുന്നു. പരിശീലന ഫീസ് 1000 രൂപ. കൂടുതൽ വിവരങ്ങൾക്ക് 9809800220, 7736560431 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

8. തേനീച്ചവളർത്തലിൽ റബ്ബർബോർഡ് പരിശീലനം നടത്തുന്നു. 2024 മാർച്ച് 19-ന് കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വച്ചാണ് പരിശീലനം. കർഷകർ, റബ്ബറുത്പാദകസംഘങ്ങളിലെയും സ്വാശ്രയസംഘങ്ങളിലെയും അംഗങ്ങൾ തുടങ്ങിയവർക്കെല്ലാം പരിശീലനം പ്രയോജനം ചെയ്യും. റബ്ബർതോട്ടങ്ങളിൽനിന്ന് അധികവരുമാനം നേടുന്നതിനുള്ള മാർഗ്ഗമാണ് തേനീച്ചവളർത്തൽ. ശാസ്ത്രീയമായ രീതികൾ അവലംബിക്കുന്നതിലൂടെ തേനീച്ചവളർത്തലിൽനിന്ന് മെച്ചപ്പെട്ട വരുമാനം നേടാൻ കഴിയും. കൂടുതൽ വിവരങ്ങൾക്ക് **9447710405** എന്ന ഫോൺ നമ്പരിലോ **04812351313** എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്. ഇ മെയിൽ : **training@rubberboard.org.in**